പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4959 — 04-07-2012 -ൽ മറുപടിക്ക്.

'സാഫല്യം' ഭവന പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. ദിവാകരൻ | ശ്രീ. കെ. എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) 'സാഫല്യം' ഭവനപദ്ധതിയിൽ കഴിഞ്ഞ സാമ്പത്തികവർഷം എത്ര വീടുകളാണ് നിർമ്മിച്ചത്; | (എ) സാഫല്യം പദ്ധതിയിലൂടെ കേരളത്തിലെ 8 ജില്ലകളിലായി 10 ഗ്രാമപഞ്ചായത്തുകളിൽ 1008 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് 2011-12-ൽ ഇട്ട ലക്ഷ്യം കൈവരിക്കുന്നതിന്റെ ഒന്നാം ഘട്ടമെന്ന നിലയിൽ കോട്ടയം ജില്ലയിലെ അകലക്കുന്നത്ത് രണ്ട് ബ്ലോക്കുകളിലായി 48 ഫ്ലാറ്റുകൾ വീതം മൊത്തം 96 ഫ്ലാറ്റുകളുടെ നിർമ്മാണത്തിനായുള്ള പ്രാരംഭ നടപടികൾ ആയിട്ടുണ്ട്. |
| (ബി) എത്ര തുകയാണ് സബ്സിഡി ഇനത്തിൽ നൽകിയതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ? | (ബി) സാഫല്യം പദ്ധതി പ്രകാരം വീട് വച്ചു നൽകുന്നതിന് 1 ലക്ഷം രൂപ കേരള സർക്കാർ വക സബ്സിഡിയായും 1ലക്ഷം രൂപ ഹഡ്കോയുടെ വായ്പയായും 25,000 രൂപ ഗുണഭോക്തൃ വിഹിതമായും 25,000 രൂപ സന്നദ്ധസംഘടനാ വിഹിതമായും സംഭരിക്കാൻ ഉദ്ദേശിക്കുന്നു. ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് കൈമാറുന്ന മുറയ്ക്ക് മാത്രമേ സബ്സിഡി ഇനത്തിൽ എത്ര തുകയാണ് നൽകുന്നതെന്ന് വ്യക്തമാക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ